37986

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ സെക്രട്ടറിമാരെല്ലാം പട്ടികജാതിക്കാരാണോ ?

ശ്രീ. പി. കെ. ചാത്തൻ : അല്ല ; എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും യോഗ്യതയുള്ളവരെ അയയ്ക്കുകയാണു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗവണ്മെന്റു് ഏർപ്പെടുത്തിയിട്ടുള്ള കോവാപ്പറേറ്റീവു് ട്രെയിനിംഗ് കഴിഞ്ഞിട്ടുള്ളവരാണോ ?

ശ്രീ. പി കെ. ചാത്തൻ : അതിനുവേണ്ട കപാളിഫിക്കേഷൻ നിശ്ചയിച്ചിട്ടുണ്ടു്.

ശ്രീ കെ കൊച്ചുകുട്ടൻ : എന്താണു കപാളിഫിക്കേഷൻ ?

ശ്രീ. പി. കെ. ചാത്തൻ : കോവാപ്പറേറ്റീവു് ട്രെയിനിംഗും, എസ്സു്. എസ്സു്. എൽ. സി. –യുമാണെന്നാണു് എന്റെ ഓർമ്മ. കൂടുതൽവിവരം കൈവശമില്ല.

ഹരിജൻ മഹിളാസമാജങ്ങൾ

✻ 1375. [26] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളസ്റ്റേറ്റിൽ ഹരിജൻവെൽഫയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ എത്ര ഹരിജൻ മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നുണ്ടു് ;

(ബി) ഏതെങ്കിലും മഹിളാസമാജത്തിനു് ഗ്രാൻറു് കൊടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതു ഡിസ്ട്രിക്റ്റിൽ ; എത്ര തുക ;

(ഡി) ഈ സമാജം രജിസ്റ്റർചെയ്തു ഗവണ്മെൻറു് അംഗീകരിച്ചതാണോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ) ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന മഹിളാ സമാജം ഒന്നും ഇല്ല.

(ബി) ഉണ്ടു്.

(സി) തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ പ്രതിമാസം നാല്പതു രൂപ വീതം.

(ഡി) അതേ.

ശ്രീ. ടി. കൃഷ്ണൻ : ഹരിജൻ മഹിളാസമാജം രജിസ്റ്റർചെയ്യുന്നതിനു് എത്ര അംഗങ്ങൾവേണം ?

ശ്രീ. പി. കെ. ചാത്തൻ : ഡിപ്പാർട്ടുമെന്റിൽനിന്നും ഹരിജനങ്ങൾക്കുവേണ്ടി കാളണികൾ സ്ഥാപിക്കുക, സ്കൂളുകൾ സ്ഥാപിക്കുക എന്നിങ്ങനെയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുപോലെ മഹിളാസമാജങ്ങൾ സ്ഥാപിക്കുന്നതിനു് ഏർപ്പാടുചെയ്തിട്ടില്ല.

ശ്രീമതി കുസുമം ജോസഫ് : ഒരു മഹിളാസമാജത്തിനു് ഗ്രാൻറു് കൊടുക്കുന്നുണ്ടെന്നു പറഞ്ഞു. അതു ഹരിജനസ്ത്രീകൾമാത്രം പ്രവർത്തിക്കുന്നതാണോ ; വേറെ സ്ത്രീകളും ഉണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : ഹരിജനസ്ത്രീകളാണധികവും ; അവർ സംഘം രജിസ്റ്റർചെയ്തിട്ടു് സഹായം ആവശ്യപ്പെട്ടു ; പരിശോധനയിൽ ഹരിജനസ്ത്രീകൾ അധികമുണ്ടെന്നു ബോദ്ധ്യമായതുകൊണ്ടു് ഗ്രാൻറു് കൊടുക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ : തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ ലോൺ കൊടുക്കുന്ന മഹിളാ സമാജം ഏതാണ് ?

ശ്രീ. പി. കെ. ചാത്തൻ : നെയ്യാറിൻകര വഴുതൂർ ബാക്ക്വേഡ് വിമൻസ് അസോസിയേഷൻ, നമ്പർ 150.

Subsidy to District Co-operative Banks.

* 1376 [27] **Shri M. C. Abraham** : Will the Minister for Education and Co-operation be pleased to state :

(a) the amount of subsidy given to each district Co-operative Bank in the erstwhile Travancore area in 1958-59;

(b) whether the entire staff of each District bank are entitled to subsidy under the plan scheme ;

(c) if so, the reason why the entire staff of these banks are not given subsidy ;

(d) whether supervisors working under the district banks are given subsidy ; and

(e) if so, the reason why the same is not given to the Supervisors attached to Kottayam and Alleppey District Co-operative Banks ?

Minister for Education **(Shri Joseph Mundaserry)** :

(a) The following amounts were given as subsidy to District Banks in the erstwhile Travancore area for the year 1958-59:

		Rs.
1. Trivandrum District Co-operative Bank	..	8,808.32
2. Quilon District Co-operative Bank	..	8,990.80
3. Alleppey District Co-operative Bank	..	4,154.37
4. Kottayam District Co operative Bank	..	3,908.87

(b) Yes.

(c) The matter was under correspondence with the N. D. C. & W. Board and their final reply was received only on 25-4-1959.

(d) Yes.

(e) The Supervisors attached to the Kottayam and Alleppey District Co-operative Banks were not given subsidy as these two Banks did not claim the amount on that account.

LIBRARY ARCHIVES Kerala Legislative Assembly